"ഭരണഭാഷ - മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

**വളരെ അത്യാവശ്യം**

തൊഴിൽ ഭവൻ, തിരുവനന്തപുരം
നമ്പർ:DT/2669/2019-I2 തീയതി: 03/08/2020

പ്രേഷിതൻ
ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്
എല്ലാ സർക്കാർ ഐടിഐ പ്രിൻസിപ്പാൾമാർക്കും

സർ,

വിഷയം:- ട്രെയിനിംഗ് ഡയറക്ടറേറ്റ്-പോഷകാഹാര പദ്ധതി/ഉച്ചഭക്ഷണ പദ്ധതി കുടുംബശ്രീ വഴി നടപ്പിലാക്കുന്നത്-പദ്ധതി നടത്തിപ്പിനായി കുടുംബശ്രീയുമായി ഏർപ്പെടേണ്ട എഗ്രീമെന്റിന്റെ മാതൃക മേൽ നടപടികൾക്കായി കൈമാറുന്നത്-സംബന്ധിച്ച

സൂചന:- സ.ഉ(കൈ) നം-29/2020/തൊഴിൽ നമ്പർ ആയുള്ള 20-05-2020 ലെ സർക്കാർ ഉത്തരവ്.

**********

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സർക്കാർ ഐടിഐകളിലെ പോഷകാഹാര പദ്ധതി/ഉച്ചഭക്ഷണ പദ്ധതി കുടുംബശ്രീ വഴി നടപ്പിലാക്കുന്നതിന് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.ഇതുമായി ബന്ധപെട്ട് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ,ഐടിഐ പ്രിൻസിപ്പാൾ എന്നിവർ തമ്മിൽ ഏർപ്പെടേണ്ട എഗ്രീമെന്റിന്റെ മാതൃക മേൽ നടപടികൾക്കായി ഇതോടൊപ്പം കൈമാറുന്നു.ടി പദ്ധതി നടത്തിപ്പിനായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുമായി അടിയന്തിരമായി 200 രൂപയുടെ മുദ്ര പത്രത്തിൽ എഗ്രീമെന്റിൽ ഏർപ്പെടേണ്ടതും വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ഉള്ളടക്കം:-എഗ്രീമെന്റിന്റെ മാതൃക

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

## ധാരണാപത്രം

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐകളിൽ പോഷകാഹാര പദ്ധതി നടത്തിപ്പിനും ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനുമായി കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ .........................ജില്ല ഒന്നാം കക്ഷിയായും പ്രിൻസിപ്പാൾ, ഗവ.ഐ.ടി.ഐ ...................................രണ്ടാം കക്ഷിയായും .................... (വർഷം) ....................(മാസം)..................തീയതി പരസ്പര ധാരണയിൽ ഒപ്പുവയ്ക്കുന്ന കരാർ.

വ്യാവസായിക പരിശീലന വകുപ്പിന്റെ പരിധിയിലുള്ള ഐ.ടി.ഐകളിലെ പോഷകാഹാര പദ്ധതി/ഉച്ചഭക്ഷണ പദ്ധതി കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് (ഉത്തരവ് നം.സ.ഉ (കൈ) നം.29/2020/തൊഴിൽ തീയതി 25.05.2020 ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ .............................. ജില്ലയിലെ ഗവ. ഐ.ടി.ഐ ................... ൽ ടി പദ്ധതികൾ നടപ്പിലാക്കുന്നതിന് കുടുംബശ്രീ മൈക്രോ എന്റർപ്രൈസ് യൂണിറ്റുകളെ ചുമതലപ്പെടുത്തുന്നതിനും ഈ യൂണിറ്റുകൾ മികച്ച സേവനം നടത്തുന്നതിനും വേണ്ടി പരസ്പര സമ്മതപ്രകാരം തയ്യാറാക്കുന്ന ധാരണാപത്രം.

**<u>ഒന്നാം കക്ഷിയുടെ ഉത്തരവാദിത്വങ്ങൾ</u>**

1. വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടതു പ്രകാരം .................... ജില്ലയിലെ ഗവ. .ഐ.ടി.ഐ ........................ ൽ പോഷകാഹാര പദ്ധതി/ഉച്ചഭക്ഷണ പദ്ധതി എന്നീ സേവനങ്ങൾക്കായി ഒരു മൈക്രോ എന്റർപ്രൈസസ് യൂണിറ്റിനെ ഈ കരാർ ഒപ്പിട്ടതിന് ഏഴ് ദിവസത്തിനകം കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ............ (ജില്ല) അനുവദിക്കുന്നതാണ്.
2. ടി യൂണിറ്റിന് ആവശ്യമായ പരിശീലനം യൂണിഫോം, ഐ.ഡി കാർഡ്, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ നൽകും.
3. മൈക്രോ സംരംഭ യൂണിറ്റുകളുടെ സേവനത്തിൽ മികച്ച ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ടെന്നും, സമയബന്ധിതമായി ഭക്ഷണം നൽകുന്നുണ്ടെന്നും ഭക്ഷണത്തിന്റെ അളവ് കരാർ

പ്രകാരമുള്ളതാണെന്നും മികച്ചതാണെന്നും ബന്ധപ്പെട്ട കുടുംബശ്രീ സി.ഡി.എസും കുടുംബശ്രീ ജില്ലാ മിഷനിലെ മൈക്രോ എന്റർപ്രൈസ് ടീം (എ.ഡി.എം.സി, ഡി.പി.എം, ബ്ലോക്ക് കോ-ഓർഡിനേറ്റർ) മുഖേന വിലയിരുത്തും.

4. പോഷകാഹാര പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ള ഐ.ടി.ഐകളിൽ ഇതോടൊപ്പം അനുബന്ധം - I ആയി നൽകിയിട്ടുള്ള മെനു പ്രകാരവുള്ള ഭക്ഷണപദാർത്ഥങ്ങളും ഉച്ചഭക്ഷണ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ള ഐ.ടി.ഐകളിൽ ഇതോടൊപ്പം അനുബന്ധം - II ആയി നൽകിയിട്ടുള്ള മെനു പ്രകാരമുള്ള ഭക്ഷണ പദാർത്ഥങ്ങളും കൃത്യമായ അളവിൽ സ്വാദിഷ്ഠമായി വിതരണം നടത്തും.

5. ട്രെയിനികളുടെ ട്രെയിനിംഗിന് തടസ്സമുണ്ടാകാത്ത വിധം ഐ.ടി.ഐയിലെ പ്രിൻസിപ്പാൾ നിർദ്ദേശിക്കുന്ന സമയത്ത് ഭക്ഷണ വിതരണം നടത്തുന്നതാണ്. ഭക്ഷണം തയ്യാർ ചെയ്യുന്നതിന് ആവശ്യമായ ഉപകരണങ്ങൾ, പാത്രങ്ങൾ എന്നിവ ടി യൂണിറ്റ് കൊണ്ട് വരും.

6. ലൈസൻസുകൾ ആവശ്യമാകുന്ന പക്ഷം ആയത് യൂണിറ്റുകൾ എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും.

7. ഐ.ടി.ഐകളിൽ ദിവസേന വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ കണക്കുകൾ ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും ആയത് രണ്ടാം കക്ഷിയുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

8. യൂണിറ്റിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്ന് രണ്ടാം കക്ഷി അറിയിക്കുന്ന മുറയ്ക്ക് ഭക്ഷണ വിതരണത്തിന് തടസ്സം ഉണ്ടാകാത്തവിധം ടീമിനെ മാറ്റി പുതിയ യൂണിറ്റിന് കരാർ നൽകാവുന്നതാണ്.

9. ഭക്ഷ്യസുരക്ഷാ സർട്ടിഫിക്കറ്റ്, യൂണിറ്റ് അംഗങ്ങൾ സമയാസമയങ്ങളിൽ ഹെൽത്ത് ചെക്ക്അപ് ചെയ്തതിന്റെ സർട്ടിഫിക്കറ്റ് എന്നിവ രണ്ടാം കക്ഷിക്കു മുമ്പിൽ ഹാജരാക്കേണ്ടതാണ്. പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ് ടി സർട്ടിഫിക്കറ്റുകൾ രണ്ടാംകക്ഷിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

10. യൂണിറ്റംഗങ്ങൾ കിച്ചൺ/ഹാൾ എന്നിവ ശുചിത്വത്തോടുകൂടി പരിപാലിക്കേണ്ടതാണ്. ഭക്ഷണം പാകം ചെയ്യുന്നതും വിതരണം നടത്തുന്നതും വൃത്തിയുള്ള സാഹചര്യത്തിൽ ആയിരിക്കണം. ഭക്ഷണാവശിഷ്ടങ്ങൾ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യേണ്ട പൂർണ്ണമായ ചുമതല ടി യൂണിറ്റിന് ആയിരിക്കും. ഇതുമായി ബന്ധപ്പെട്ടുള്ള ഹരിത ചട്ടം കൃത്യമായും പാലിക്കുന്നതാണ്.

    കോവിഡ്-19 പോലുള്ള പകർച്ചവ്യാധികളെ തടയുന്നതിനായി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

**<u>രണ്ടാംകക്ഷിയുടെ ഉത്തരവാദിത്വങ്ങൾ</u>**

1. യൂണിറ്റിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സ്ഥലസൗകര്യങ്ങൾ ലഭ്യമാക്കും.
2. സംരംഭ യൂണിറ്റിലെ അംഗങ്ങൾക്ക് അത്യാവശ്യ സൗകര്യങ്ങൾക്കായി ടോയ്‌ലറ്റ്, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ എന്നിവ ലഭ്യമാക്കും.
3. ഉത്തരവ് അനുസരിച്ചുള്ള നിരക്കുകൾ പ്രകാരം ഓരോ മാസത്തേയും ബില്ലുകൾ സമർപ്പിക്കുന്നതിനനുസരിച്ച് തുക യൂണിറ്റുകൾക്ക് കൈമാറുന്നതായിരിക്കും. രജിസ്റ്റർ പരിശോധിച്ച് എല്ലാ മാസവും 15-□□ തീയതിയ്ക്കകം യൂണിറ്റിന് തുക അനുവദിക്കാവുന്നതാണ്.
4. യൂണിറ്റിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നതിനും ഭക്ഷണം പരിശോധിക്കുന്നതിനും ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായും അദ്ദേഹത്തിന്റെ കീഴിൽ ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തേണ്ടതും ആയത് ഒന്നാം കക്ഷിയെ അറിയിക്കേണ്ടതുമാണ്.
5. യൂണിറ്റിന്റെ പ്രവർത്തനത്തിനാവശ്യമായ സ്ഥലസൗകര്യം, വൈദ്യുതി, വെള്ളം എന്നിവ അനുവദിക്കുന്നതാണ്.
6. ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള മെനുവിൽ നിന്ന് ഏതെങ്കിലും തരത്തിൽ മാറ്റമുണ്ടാകുന്ന പക്ഷം (ഭക്ഷണം കൊടുക്കുന്ന ഓർഡറിൽ)

ആയത് കുറഞ്ഞത് രണ്ട് ദിവസം മുമ്പെങ്കിലും യൂണിറ്റിനെ അറിയിക്കുന്നതാണ്.

7. ഭക്ഷണം വിതരണം ചെയ്യുന്ന വേളയിൽ ഉണ്ടാകുന്ന തിരക്കുകൾ നിയന്ത്രിക്കുന്നതാണ്.

**8.** ഓരോ ദിവസവും ഭക്ഷണം വിതരണം നടത്തുന്ന ട്രെയിനികളുടെ എണ്ണം (ട്രേഡ് തിരിച്ച്) നോഡൽ ഓഫീസർ എഴുതി സൂക്ഷിക്കേണ്ടതും അത് അതാത് ദിവസങ്ങളിൽ പ്രിൻസിപ്പാൾ പരിശോധിച്ച് രജിസ്റ്റർ സാക്ഷ്യപ്പെടു ത്തേണ്ടതുമാണ്.

## <u>പൊതുധാരണ</u>

1. പോഷകാഹാര പദ്ധതി ആവിഷ്കരിച്ചിട്ടുള്ള ഐടിഐകളിൽ ഒരു ട്രെയിനിക്ക് 15 രൂപ എന്ന നിരക്കിൽ രണ്ടാം കക്ഷി ഒന്നാം കക്ഷിയ്ക്ക് തുക അനുവദിക്കേണ്ടതാണ്. ഉച്ചഭക്ഷണ പദ്ധതി ആവിഷ്കരിച്ചിട്ടുള്ള ഐ.ടി.ഐകളിൽ നടപ്പിലാക്കിയിട്ടുള്ള റേറ്റിനെ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം II ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നാം കക്ഷി അതാതുമാസത്തെ ബിൽ അടുത്തമാസം 5-□□ തീയതിയ്ക്ക് മുമ്പ് ഹാജരാക്കേണ്ടതും രണ്ടാം കക്ഷി ടി തുക എല്ലാ മാസവും 15-□□ തീയതിയ്ക്കുള്ളിൽ ഒന്നാം കക്ഷിയ്ക്ക് കൈമാറേണ്ടതുമാണ്.

2. ഒന്നാംകക്ഷി ചുമതലപ്പെടുത്തുന്ന സൂക്ഷ്മ സംരംഭ യൂണിറ്റിന്റെ കരാർ കാലാവധി ഒരു വർഷമോ അല്ലെങ്കിൽ അടുത്ത സർക്കാർ ഉത്തരവ് വരുന്നതുവരെയോ മാത്രമായിരിക്കും.

3. കരാർ വ്യവസ്ഥകൾ പാലിക്കാത്ത പക്ഷം ഇരു കക്ഷികളും ചർച്ച ചെയ്ത് ഒരു മാസത്തെ നോട്ടീസ് നൽകി പരസ്പരം കരാർ അവസാനിപ്പിക്കാവുന്നതാണ്.

4. ഒന്നാംകക്ഷി നൽകിയ യൂണിറ്റ് പ്രതീക്ഷിച്ച മികവ് പുലർത്തിയില്ലെങ്കിൽ രണ്ടാംകക്ഷിയുടെ നിർദ്ദേശപ്രകാരം പ്രസ്തുത യൂണിറ്റിനെ മാറ്റി മറ്റൊരു യൂണിറ്റിനെ സേവനത്തിനായി ലഭ്യമാക്കുന്നതാണ്.

5. ഒന്നാം കക്ഷി നൽകുന്ന യൂണിറ്റുകൾ രണ്ടാംകക്ഷിയുടെ സ്ഥാപനത്തിന്റെ നിയമങ്ങൾക്ക് വിധേയമായി പ്രവർത്തനം നടത്തുന്നതാണ്.
6. രണ്ടാംകക്ഷിയുടെ സ്ഥാപനത്തിന്റെ അച്ചടക്ക നിലവാരം ടി യൂണിറ്റുകൾ കർശനമായി പാലിക്കേണ്ടതാണ്.
7. യൂണിറ്റിൽ കൂടുതൽ പേർ ആവശ്യമെങ്കിലോ നിലവിലുള്ളവരെ കുറയ്ക്കണമെങ്കിലോ പരസ്പര ധാരണയോടെ ആയത് നിർവ്വഹിക്കാവുന്നതാണ്.
8. സംരംഭ യൂണിറ്റിലെ അംഗങ്ങൾക്ക് തുടർ പരിശീലനം ആവശ്യമെങ്കിൽ ഒന്നാംകക്ഷി നൽകുന്നതാണ്.
9. ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ എന്നിവർ ഉൾപ്പെട്ട സംസ്ഥാനതല കമ്മിറ്റി കൂടി പരിഹരിക്കുന്നതായിരിക്കും.
10. രണ്ടാം കക്ഷിയ്ക്കായി വിതരണത്തിന് തയ്യാറാക്കുന്ന ഭക്ഷണം മറ്റ് സ്ഥാപനങ്ങളിലേയ്ക്കോ, വ്യക്തികൾക്കോ വിതരണം ചെയ്യാൻ പാടുള്ളതല്ല.

മേൽ നിബന്ധനകൾ പ്രകാരം ഒന്നാം കക്ഷിയും രണ്ടാം കക്ഷിയും ധാരണാപത്രത്തിൽ ഒപ്പ് വെച്ച് കൊള്ളുന്നു.

| | |
|---|---|
| ഒന്നാം കക്ഷി | രണ്ടാം കക്ഷി |
| ..................... | ............................. |
| ...................ജില്ല | ...........സ്ഥാപനം |

| | |
|---|---|
| സാക്ഷികൾ | കക്ഷികൾ |

| | |
|---|---|
| 1. | 1. |
| 2. | 2 |

## <u>അനുബന്ധം - I</u>

**<u>മെനു:- പോഷകാഹാര പദ്ധതി</u>**

| ക്രമ നം. | ഇനം |
|---|---|
| 1 | പാൽ 150 **ml** + ഒരു പുഴുങ്ങിയ മുട്ട |
| 2 | പാൽ 150 **ml** + ഏത്തപ്പഴം 150 ഗ്രാം |
| 3 | പാൽ 150 **ml** + 2 **slice brown bread 50 gms** |

(ടി മെനു പ്രകാരമുള്ള വിഭവങ്ങൾ ഓരോ ദിവസവും കൃത്യമായ അളവിൽ മാറി മാറി വിതരണം നടത്തേണ്ടതാണ്)

## അനുബന്ധം- II

**മെനു :- ഉച്ചഭക്ഷണ പദ്ധതി**

| ക്രമ നം. | ഇനം | അളവ് | റിമാർക്ക്സ് |
|---|---|---|---|
| 1 | ചോറ് | ആവശ്യത്തിന് | |
| 2 | അവിയൽ | 03 ടേബിൾ സ്പൂൺ | |
| 3 | തോരൻ | 03 ടേബിൾ സ്പൂൺ | |
| 4 | സാമ്പാർ/പരിപ്പ് കൂടാതെ രസം/മോര് | ആവശ്യാനുസരണം രണ്ട് കറികൾ | |
| 5 | കിച്ചടി | 03 ടേബിൾ സ്പൂൺ | |
| 6 | പയർ വർഗ്ഗങ്ങൾ | സസ്യാഹാരം കഴിക്കുന്നവർക്ക് | |
| 7 | അച്ചാർ | 01 ടേബിൾ സ്പൂൺ | |
| 8 | മത്സ്യം/കോഴിയിറച്ചി/ആട്ടിറച്ചി | 100 ഗ്രാം | ആഴ്ചയിൽ ഒരു ദിനം മത്സ്യം ഒരു ദിനം കോഴിയിറച്ചി ഒരു ദിനം ആട്ടിറച്ചി |
| 9 | സ്പെഷ്യൽ വെജിറ്റേറിയൻ വിഭവം | 03 ടേബിൾ സ്പൂൺ | വെജിറ്റേറിയൻ ഊണ് നൽകുന്ന ആഴ്ചയിലെ ഒരു ദിനം ടി വിഭവം നൽകേണ്ടതാണ്. |
| 10 | പപ്പടം | ഒരെണ്ണം | |
| 11 | ചൂടുവെള്ളം | ആവശ്യാനുസരണം | |

ആഴ്ചയിൽ 02 ദിനം മുകളിൽ പറഞ്ഞിരിക്കുന്ന മെനു പ്രകാരം വെജിറ്റേറിയൻ ഊണും ഒരു ദിനം സ്പെഷ്യൽ വെജിറ്റേറിയൻ വിഭവത്തോട് കൂടിയുള്ള വെജിറ്റേറിയൻ ഊണും ഒരു ദിനം ഊണും മത്സ്യവും ഒരു ദിനം ഊണും കോഴിയിറച്ചിയും ഒരു ദിനം ഊണും ആട്ടിറച്ചിയുമാണ് വിതരണം നടത്തേണ്ടത്.

163320/2020/I DTTVPM

ഉച്ചഭക്ഷണത്തിന്റെ ഒരു ട്രെയിനിക്കുള്ള ഒരു ദിവസത്തെ നിരക്ക് ചുവടെ ചേർക്കും പ്രകാരം ആയിരിക്കുന്നതാണ്.

| ദിവസം | ഇനം (ആഴ്ചയിൽ) | 500 ൽ കൂടുതൽ ട്രെയിനികൾക്ക് ഉച്ചഭക്ഷണം വിതരണം നടത്തുന്ന ഐ.ടി.ഐയിലെ നിരക്ക് (ഒരു ട്രെയിനിക്ക്) | 500 ൽ കുറവ് ട്രെയിനികൾ ഉച്ചഭക്ഷണം വിതരണം നടത്തുന്ന ഐ.ടി.ഐയിലെ നിരക്ക് (ഒരു ട്രെയിനിക്ക്) |
|---|---|---|---|
| 1 | വെജിറ്റേറിയൻ ഊണ് | 30 | 30 |
| 2 | വെജിറ്റേറിയൻ ഊണ് | 30 | 30 |
| 3 | വെജിറ്റേറിയൻ ഊണ് (സ്പെഷ്യൽ വെജിറ്റേറിയൻ വിഭവം അടക്കം) | 35 | 35 |
| 4 | നോൺ വെജിറ്റേറിയൻ ഊണ് (മത്സ്യം അടക്കം) | 50 | 55 |
| 5 | നോൺ വെജിറ്റേറിയൻ ഊണ് (ചിക്കൻ കറി അടക്കം) | 55 | 60 |
| 6 | നോൺ വെജിറ്റേറിയൻ ഊണ് (മട്ടൻ കറി അടക്കം) | 125 | 130 |
| 7 | ആകെ | 325 രൂപ | 340 രൂപ |

Date: 22.07.2020